ALL INDIA RADIO THIRUVANANTHAPURAM

आकाशवाणी

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.05.2026**

## പ്രധാനവാർത്തകൾ

1. മുഖ്യമന്ത്രി പ്രഖ്യാപനം കാത്ത് കേരളം ; ഡൽഹിയിൽ അവസാനവട്ട ചർച്ചകൾ ഊർജിതം.
2. തമിഴ്നാട്ടിൽ വിശ്വാസ വോട്ട് നേടി വിജയ് യുടെ നേതൃത്വത്തിലുള്ള **TVK** സർക്കാർ.
3. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ധന ഉപഭോഗം കുറയ്ക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രധാനമന്ത്രിയുടെ അകമ്പടി വാഹനങ്ങളുടെ എണ്ണം വെട്ടിക്കുറച്ചു.
4. സ്വർണ വിലയിൽ വൻ കുതിപ്പ്. പവന് ഇന്ന് കൂടിയത് 10,200 രൂപ.
5. സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ മഴയും ശക്തമായ കാറ്റും തുടരും; വേനൽ മഴയെ തുടർന്ന് വിവിധ ജില്ലകളിൽ വ്യാപക നാശ നഷ്ടം.
6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും.

&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## കേരളം - മുഖ്യമന്ത്രി

കേരളത്തിന് പുതിയ മുഖ്യമന്ത്രിയെ നിശ്ചയിക്കാനുള്ള കോൺഗ്രസ് ഹൈക്കമാൻഡിന്റെ ചർച്ചകൾ ഡൽഹിയിൽ അവസാന ഘട്ടത്തിൽ. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെയും രാഹുൽ ഗാന്ധിയും നടത്തുന്ന ചർച്ചകൾക്ക് ശേഷം അന്തിമ പ്രഖ്യാപനം ഇന്ന് ഉണ്ടാകുമെന്നാണ് നേതാക്കൾ പ്രതീക്ഷിക്കുന്നത്. കെ സി വേണുഗോപാൽ, രമേശ് ചെന്നിത്തല, വി ഡി സതീശൻ എന്നിവരുടെ പേരുകളാണ് പ്രധാനമായും പരിഗണയിലുള്ളത്.

&&&&&&&&&&&&&&&&&&

## തമിഴ്നാട് - നിയമസഭ

തമിഴ്നാട്ടിൽ വിശ്വാസ വോട്ട് നേടി വിജയ് യുടെ നേതൃത്വത്തിലുള്ള TVK സർക്കാർ. നിയമസഭയിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ 144 എംഎൽഎമാർ വിജയ്ക്ക് അനുകൂലമായി വോട്ട് ചെയ്തു. അതേസമയം, 22 എംഎൽഎമാർ എതിർത്ത് വോട്ട് ചെയ്തപ്പോൾ അഞ്ച് പേർ വോട്ടെടുപ്പിൽ നിന്ന് വിട്ടുനിന്നു.

RNU TVPM

&&&&&&&&&&&&&&&&&&

## പുതുച്ചേരി മുഖ്യമന്ത്രി

പുതുച്ചേരി മുഖ്യമന്ത്രിയായി AINRC നേതാവ് എൻ രംഗസാമി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാസ്നാഥൻ സത്യവാചകം ചൊല്ലിക്കൊടുത്തു. AINRC നേതാവ് മല്ലാഡി കൃഷ്ണ റാവു, ബിജെപിയിലെ എ. നമശിവായം എന്നിവർ മന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തു.

&&&&&&&&&&&&&&&&&&

## മുസ്ലീംലീഗ് യോഗം

സംസ്ഥാനത്തെ മുഖ്യമന്ത്രി ചർച്ച അനിശ്ചിതത്വത്തിൽ തുടരുന്നതിനിടെ മുസ്‌ലിം ലീഗ് അടിയന്തര നേതൃയോഗം വിളിച്ചു ചേർത്തു. പാണക്കാട്ടെ യോഗത്തിൽ, ലീഗിന്റെ മന്ത്രിമാരെ സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടായേക്കും. പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ. ബഷീർ, കെ.എം. ഷാജി, എൻ. ഷംസുദ്ദീൻ എന്നിവരുടെ പേരുകൾക്കാണ് മുൻഗണന.

&&&&&&&&&&&&&&&&&&

## സി.പി.ഐ.എം. യോഗം

സി പി ഐ എം സംസ്ഥാന കമ്മിറ്റി യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. എ കെ ജി സെന്ററിലാണ് രണ്ട് ദിവസത്തെ യോഗം നടക്കുന്നത്. പ്രതിപക്ഷ നേതാവിനെ തിരഞ്ഞെടുക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസത്തെ സെക്രട്ടറിയേറ്റ് യോഗം ചർച്ച ചെയ്ത കാര്യങ്ങൾ സംസ്ഥാന കമ്മിറ്റിയിൽ പരിഗണിക്കുമെന്നാണ് സൂചന.

RNUTVPM

&&&&&&&&&&&&&&&&&&

## പാലക്കാട് (ഇൻട്രോ)

ഇന്ത്യൻ റഗ്ബി ടീമിൽ ഇടം നേടുന്ന ആദ്യ കേരള വനിതാ കായിക താരമായി മാറിയിരിക്കുകയാണ് പാലക്കാട് നെന്മാറ സ്വദേശിയായ കെ.പി.ആതിര. തൃശൂർ റഗ്ബി അസോസിയേഷനു കീഴിൽ പരിശീലിക്കുന്ന ആതിര ഉസ്ബെക്കിസ്ഥാനിലെ താഷ്കൻ്റിൽ നടക്കുന്ന കാസ സെവൻസ് ടൂർണമെൻ്റിനുള്ള ഇന്ത്യൻ ടീമിലാണ് ഉൾപ്പെട്ടത്. **ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.....**
( വോയിസ്....)

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - വാഹനവ്യൂഹം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആഭ്യന്തര സന്ദർശനങ്ങൾക്കുള്ള ഔദ്യോഗിക വാഹനവ്യൂഹത്തിന്റെ വലുപ്പം ഗണ്യമായി കുറച്ചു. സ്പെഷ്യൽ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ സുരക്ഷാ മാനദണ്ഡങ്ങളിൽ വിട്ടുവീഴ്ച വരുത്താതെയാണ് മാറ്റം. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇന്ധന ഉപഭോഗം കുറയ്ക്കാനും പരിസ്ഥിതിസൗഹൃദ ബദലുകൾ സ്വീകരിക്കാനും പ്രധാനമന്ത്രി ജനങ്ങളോട് ആഹ്വാനം ചെയ്തിരുന്നു. പ്രധാനമന്ത്രിയുടെ അഭ്യർത്ഥനയെ തുടർന്ന്, ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഡൽഹി എന്നിവിടങ്ങളിലെ മുഖ്യമന്ത്രിമാർ മന്ത്രിമാർ, എംഎൽഎമാർ തുടങ്ങിയവരും വാഹനങ്ങളുടെ എണ്ണം കുറയ്ക്കാൻ തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## പശ്ചിമേഷ്യ

ഇറാന്റെ സമാധാന നിർദ്ദേശങ്ങൾ യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് തള്ളിയതോടെ, വെടിനിർത്തൽ കരാർ കൂടുതൽ പ്രതിസന്ധിയിലായി. ആണവ പദ്ധതികൾ പൂർണ്ണമായും നിർത്തലാക്കണമെന്ന അമേരിക്കയുടെ ആവശ്യം ഇറാൻ അംഗീകരിക്കാത്തതാണ് നയതന്ത്ര സ്തംഭനത്തിന് കാരണം. പശ്ചിമേഷ്യയിലെ സംഘർഷാവസ്ഥയെ തുടർന്ന് ആഗോളവിപണിയിൽ ബ്രെന്റ് ക്രൂഡ്ഓയിൽ വില ബാരലിന് 100 ഡോളറിന് മുകളിലെത്തിയിരിക്കുകയാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## ട്രംപ് - ഷി ജിൻ പിങ്

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ചൈനയിലെത്തും. പ്രസിഡന്റ് ഷി

ജിൻപിങ്ങുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. അതിനിടെ, യു.എ.ഇ പ്രസിഡന്റ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി യു.എസ് പ്രസിഡന്റ് ടെലിഫോൺ സംഭാഷണം നടത്തി.

&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 197 പോയിന്റ് ഉയർന്ന് 74,756 ലും,നിഫ്റ്റി 82 പോയിന്റ് നേട്ടത്തിൽ 23,461 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ വൻ വർധന. പവന് 10,200 രൂപ വർധിച്ച് ഒരു ലക്ഷത്തി 23,120 രൂപയും, ഗ്രാമിന് 15,390 രൂപയുമാണ് ഇന്നത്തെ വില. സ്വർണ്ണം , വെള്ളി തുടങ്ങിയ ലോഹങ്ങളുടെ വർധിപ്പിച്ച ഇറക്കുമതി തീരുവ ഇന്ന് മുതൽ പ്രാബല്യത്തിലായി.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - വിദേശ സന്ദർശനം

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് വെള്ളിയാഴ്ച തുടക്കമാകും. യു.എ.ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് സന്ദർശിക്കുന്നത്. യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിലെത്തുന്ന ശ്രീ.മോദി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. ഞായറാഴ്ച സ്വീഡനും തുടർന്ന് നോർവേയും ഇറ്റലിയും

പ്രധാനമന്ത്രി സന്ദർശിക്കും.

&&&&&&&&&&&&&&&&&&

## ബ്രിക്സ്- ഇന്ത്യ

ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. നാളെയും മറ്റന്നാളുമായി നടക്കുന്ന യോഗത്തിൽ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറാണ് അധ്യക്ഷത വഹിക്കുന്നത്. യോഗത്തിൽ പങ്കെടുക്കാനെത്തുന്ന ബ്രിക്സ് വിദേശകാര്യ മന്ത്രിമാരും മറ്റ് പ്രതിനിധികളും പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. രാത്രി 7:30-ന് റായ്പുരിലാണ് മത്സരം.

RNUTVPM

&&&&&&&&&&&&&&&&&&

## മഴ

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ മുതൽ മഴ കനക്കുമെന്നാണ് മുന്നറിയിപ്പ്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## മഴ നാശനഷ്ടം (ഇൻട്രോ)

സംസ്ഥാനത്ത് വിവിധയിടങ്ങളിൽ വേനൽ മഴയെ തുടർന്ന് വൻ നാശ നഷ്ടം. എറണാകുളം ജില്ലയിൽ പത്തോളം വീടുകൾ

തകർന്നു. നിരവധി വാഹനങ്ങൾക്കും കേടുപാടുകൾ സംഭവിച്ചു. മലപ്പുറം മങ്കടയിൽ ഇന്നലെ ഇടിമിന്നലേറ്റ് നാലു വിദ്യാർഥികൾ മരിച്ചു. കൊല്ലം ജില്ലയിൽ ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടങ്ങൾ ഉണ്ടായി.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ.....**

(വോയിസ്)

&&&&&&&&&&&&&&&&&&

## പിണറായി വിജയൻ

മങ്കടയിൽ ഇടിമിന്നലേറ്റ് വിദ്യാർഥികൾ മരിച്ച സംഭവത്തിൽ അനുശോചനം അറിയിച്ച് മുൻ മുഖ്യമന്ത്രിയും സി പി ഐ എം പൊളിറ്റ് ബ്യൂറോ അംഗവുമായ പിണറായി വിജയൻ. ദുരന്തത്തിനിരയായവരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇടിമിന്നൽ മുന്നറിയിപ്പുകൾ ഗൗരവത്തോടെ കണ്ട് സുരക്ഷാ നിർദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## ആകാശവാണി സൈക്ലത്തോൺ

ആകാശവാണി തൊണ്ണൂറാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം നിലയം ഞായറാഴ്ച സൈക്ലത്തോൺ സംഘടിപ്പിക്കുന്നു. രാവിലെ 7.30 ന് കവടിയാർ നിന്ന് ആരംഭിക്കുന്ന സൈക്ലത്തോൺ ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. മാനവീയം വീഥി, നിയമസഭാ മന്ദിരം, സ്റ്റാച്യു വഴി ആകാശവാണി വരെയാണ് സൈക്ലത്തോൺ.

&&&&&&&&&&&&&&&&&&

## ആകാശവാണി വാർഷികം

ആകാശവാണി 90-ാാം വാർഷികത്തിന്റെ ഭാഗമായി പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ പിന്നിട്ട കോഴിക്കോട് നിലയം മിനി ലിറ്ററേച്ചർ ഫെസ്റ്റ് LEGACY 2026 സംഘടിപ്പിച്ചു. കവി പി.പി.ശ്രീധരനുണ്ണി ആമുഖ പ്രഭാഷണം നടത്തി.

&&&&&&&&&&&&&&&&&&

## ശബരിമല

ഇടവമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ തുറക്കും. വൈകിട്ട് 5 മണിക്ക് തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് ഇ.ഡി നടതുറന്ന് ദീപം തെളിയിക്കും. ഇടവമാസ പൂജകൾ പൂർത്തിയാക്കി ഈ മാസം 19 നാണ് നട അടയ്ക്കുക.

RNU TVPM

&&&&&&&&&&&&&&&&&&

## കൊല്ലം -എം.ഡി.എം.എ

കൊല്ലം ചാത്തന്നൂരിൽ എം.ഡി.എം.എ കടത്ത് പിടിക്കാൻ ശ്രമിച്ച പോലീസ് സംഘത്തിനുനേരെ കാറിടിച്ചുകയറ്റി. ഒരു പോലീസ് ഉദ്യോഗസ്ഥന് പരിക്കേറ്റു. ഡാൻസാഫ് സംഘം സാഹസികമായി പിടികൂടിയ കാരങ്കോട് സ്വദേശി സനൂജിൽ നിന്നും 10 ഗ്രാം MDMA കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

## കടുവയുടെ ആക്രമണം

വയനാട് ചീരാലിൽ ജനവാസമേഖലയിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ വളർത്തുപോത്ത് ചത്തു. മുത്താച്ചി കുനിയിൽ ബൈജുഷ് ബാബുവിന്റെ പോത്തിനെയാണ് കടുവ ആക്രമിച്ചത്. വനപാലകർ സ്ഥലത്തെത്തി തുടർ നടപടികൾ സ്വീകരിച്ചു.

**&&&&&&&&&&&&&&&&&&&&&&&&**

## പ്രതീക് യാദവ് അന്തരിച്ചു

മുൻ കേന്ദ്രമന്ത്രി മുലായം സിംഗ് യാദവിന്റെ മകനും സമാജ്‌വാദി പാർട്ടി മേധാവി അഖിലേഷ് യാദവിന്റെ സഹോദരനുമായ പ്രതീക് യാദവ് അന്തരിച്ചു. 38 വയസായിരുന്നു. ബി.ജെ.പി നേതാവും ഉത്തർപ്രദേശ് വനിതാ കമ്മീഷൻ ഉപാധ്യക്ഷയുമായ അപർണ ബിഷ്ട് യാദവാണ് ഭാര്യ. നിര്യാണത്തിൽ യുപി മുഖ്യമന്ത്രി യോഗി ആദിത്യ നാഥ് അനുശോചിച്ചു.

**&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&**

PNU TVPM